# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ നാല് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിന് ഇന്ന് തുടക്കം. ഏക്താ പ്രതിമയും ഭൂകമ്പ സ്മാരകവും സന്ദർശിക്കും.

   President Draupadi Murmu will begin his four-day visit to Gujarat today. He will also visit the Statue of Ekta and the Earthquake Memorial.

2. യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഇന്ത്യയിൽ. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായുള്ള പ്രതിനിധിതല ചർച്ച നാളെ.

   European Commission President Ursula von der Leyen is on a two-day visit to India today. Delegation-level talks with Prime Minister Narendra Modi will be held tomorrow.

3. കേരളത്തിൽ മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കാനുള്ള നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി വിളിച്ച ഉന്നതതല യോഗം ഇന്ന്.

   A high-level meeting convened by the Chief Minister today to assess the steps taken to mitigate human-wildlife conflict in Kerala will be held today.

4. 45 ദിവസത്തെ മഹാകുംഭ മേളയ്ക്ക് പ്രയാഗ്‌രാജിൽ ഭക്തിസാന്ദ്രമായ സമാപനം. ആലുവ മണപ്പുറത്ത് ശിവരാത്രി ദിവസം പിതൃതർപ്പണം നടത്തി ആയിരങ്ങൾ.

   The 45-day-long Mahakumbh Mela concluded in Prayagraj. Thousands of devotees performed balitharpanam on the day of Shivaratri at Manappuram in Aluva.

5. യു എസിൽ പുതിയ ഗോൾഡ് കാർഡ് വീസ പദ്ധതി പ്രഖ്യാപിച്ച് പ്രസിഡൻറ് ഡോണൾഡ് ട്രംപ്.

**The United States President Donald Trump has announced a new gold card investor visa programme for wealthy immigrants, replacing the existing EB-5 visa.**

*******************************************

**PRESIDENT-GUJARAT -(INTRO)**

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ നാല് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഏക്താ പ്രതിമയും ഭൂകമ്പ സ്മാരകവും സന്ദർശിക്കുന്ന രാഷ്ട്രപതി ബിരുദദാന ചടങ്ങുകളിലും മുഖ്യാതിഥിയാകും.

**വിശദാംശങ്ങളിലേക്ക്.......**

**(VOICE.....)**

ഗുജറാത്ത് സന്ദർശനത്തിന് തുടക്കം കുറിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാവിലെ ഏക്താ പ്രതിമയിൽ പുഷ്പാർച്ചന നടത്തും. ഏകതാ നഗർ പരിസരവും രാഷ്ട്രപതി സന്ദർശിക്കും. ഗുജറാത്ത് സന്ദർശന വേളയിൽ, ശ്രീമതി മുർമു അഹമ്മദാബാദിലും ഗാന്ധിനഗറിലും നടക്കുന്ന രണ്ട് സമ്മേളനങ്ങളിൽ പങ്കെടുക്കുകയും കച്ച് ജില്ലയിലെ പ്രമുഖ സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്യും. തുടർന്ന് അഹമ്മദാബാദിലേക്ക് പോകുന്ന ശ്രീമതി മുർമു,

അഹമ്മദാബാദ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിൻ്റെ 44-ാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കും. നാളെ ഗാന്ധിനഗറിൽ നടക്കുന്നനാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയുടെ മൂന്നാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും. തുടർന്ന് ഭുജിലെ സ്മൃതിവൻ ഭൂകമ്പ സ്മാരകവും സന്ദർശിക്കും. മാർച്ച് 1 ന്, ധോലവീരയിലെ - യുനെസ്കോയുടെ ലോക പൈതൃക പട്ടികയിലുള്ള പ്രദേശങ്ങൾ ശ്രീമതി മുർമു സന്ദർശിക്കും. ഈ മാസം 25 നാണ് രാഷ്ട്രപതിയുടെ അഞ്ച് ദിവസത്തെ ബിഹാർ, മധ്യപ്രദേശ്,

ഗുജറാത്ത് സന്ദർശനം ആരംഭിച്ചത്.

ന്യൂസ് ഡെസ്ക്, ആകാശവാണി......

*******************************************

## VICE PRESIDENT VISIT TOMORROW

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ പശ്ചിമ ബംഗാൾ സന്ദർശിക്കും. ബിർഭും ജില്ലയിലെ താരാപീഠത്തിൽ ഉപരാഷ്ട്രപതി ദർശനം നടത്തും. കൊൽക്കത്തയിൽ നടക്കുന്ന,ഗൗഡിയ മിഷൻറെ സ്ഥാപകനായ ആചാര്യ ശ്രീല ഭക്തി സിദ്ധാന്ത സരസ്വതി ഗോസ്വാമി പ്രഭുപാദിൻറെ 150-ാാം ജന്മവാർഷിക ആഘോഷത്തിൻറെ സമാപന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും.

*******************************************

## MORN. MUMBAI-SONOWAL

മുംബൈയിൽ ഇന്ന് നടക്കുന്ന ഉന്നതതല വ്യാവസായിക സമ്മേളനത്തിന് കേന്ദ്ര തുറമുഖ മന്ത്രി സർബാനന്ദ സോനോവാൾ നേതൃത്വം നൽകും. സമുദ്ര മേഖലയുമായി ബന്ധപ്പെട്ട് കേന്ദ്ര ബജറ്റിലെ പ്രഖ്യാപനങ്ങൾ യോഗം ചർച്ച ചെയ്യും. വ്യവസായ പ്രമുഖർ, തുറമുഖ - ഷിപ്പിംഗ് - ജലപാത മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥർ വിവിധ രാജ്യങ്ങളുടെ കോൺസുലേറ്റ് ജനറൽമാർ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുക്കും.

*******************************************

## DELHI ASSEMBLY

ഡൽഹി നിയമസഭയിൽ ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പ് ഇന്ന് നടക്കും. ബി ജെ പി, എം എൽ എ മോഹൻ സിങ് ബിഷ്ടിനെ ഡെപ്യൂട്ടി സ്പീക്കറാക്കാനുള്ള പ്രമേയം മുഖ്യമന്ത്രി രേഖ ഗുപ്ത സഭയിൽ അവതരിപ്പിക്കും. മുസ്തഫാബാദ് മണ്ഡലത്തിൽ നിന്നുള്ള എം എൽ എയാണ് ശ്രീ മോഹൻ സിങ് ബിഷ്ട്. മുൻ സർക്കാരിൻറെ മദ്യനയവുമായി ബന്ധപ്പെട്ട സി എ ജി റിപ്പോർട്ടിൻ മേലുള്ള ചർച്ചയും സഭയിൽ ഇന്നും തുടരും.

*******************************************

## BIHAR CABINET

ബിഹാറിൽ ഏഴ് പുതിയ മന്ത്രിമാരെ ഉൾപ്പെടുത്തി മന്ത്രിസഭ പുനഃസംഘടിപ്പിച്ചു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. ഇതോടെ മുഖ്യമന്ത്രി ഉൾപ്പെടെ നിതീഷ് കുമാറിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭാംഗങ്ങളുടെ എണ്ണം 36 ആയി.

*******************************************

## PREZ EU - INDIA

യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. വിദേശകാര്യ മന്ത്രി എസ് ജയശങ്കറുമായി ഉർസുല വോൺ ഡെർ ലെയ്ൻ കൂടിക്കാഴ്ച നടത്തും. പ്രധാനമന്ത്രി നരേന്ദ്രമോദി യുമായുള്ള പ്രതിനിധിതല ചർച്ച നാളെയാണ്. യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റിന്റെ ഇന്ത്യ സന്ദർശനം ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വഴിയൊരുക്കും.

*******************************************

## MAHA KUMBH

മഹാ കുംഭ മേളയ്ക്ക് പ്രയാഗ്‌രാജിൽ സമാപനം. 66 കോടി 21 ലക്ഷത്തിലേറെ പേരാണ് 45 ദിവസത്തെ കുംഭമേളയിൽ പങ്കെടുത്തത്. മഹാശിവരാത്രി ദിവസമായ ഇന്നലെ മാത്രം ഒരു കോടി 44 ലക്ഷം പേർ പുണ്യ സ്നാനം നടത്തി. ഇന്ത്യൻ വ്യോമ സേനയുടെ പുഷ്പവൃഷ്ടി തീർത്ഥാടകർക്ക് നവ്യാനുഭവമായി. കഴിഞ്ഞ മാസം 13-നാണ് പ്രയാഗ് രാജിലെ മഹാകുംഭമേളയ്ക്ക് തുടക്കമായത്.

*******************************************

## ALUVA MANAPPURAM

ശിവ പഞ്ചാക്ഷരി മന്ത്രങ്ങളാൽ മുഖരിതമായ അന്തരീക്ഷത്തിൽ ആലുവ മണപ്പുറത്ത് അർദ്ധരാത്രി മുതൽ ആയിരങ്ങൾ പിതൃ തർപ്പണം നടത്തി. ആലുവ മഹാദേവ ക്ഷേത്രത്തിലെ ശിവരാത്രി വിളക്കിനു ശേഷമാണ് ബലിതർപ്പണം ആരംഭിച്ചത്. തർപ്പണത്തിനായി 116 ബലിത്തറകൾ ആലുവ മണപ്പുറത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒരുക്കിയിരുന്നു. പെരിയാറിന്റെ തീരത്തുള്ള ആലുവ അദ്വൈതാശ്രമത്തിലും ബലിതർപ്പണം നടത്താനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

*******************************************

## ബ്രേക്ക്.....

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

*******************************************

## HIGH LEVEL MEETING – CM KERALA

കേരളത്തിൽ മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം ഇന്ന്. ഉച്ചയ്ക്ക് ശേഷം സെക്രട്ടറിയേറ്റിലാണ് യോഗം. വനം, ധനകാര്യം, തദ്ദേശ സ്വയംഭരണം, വൈദ്യുതി, റവന്യൂ, ആരോഗ്യം, ജലസേചനം വകുപ്പ് മന്ത്രിമാർ യോഗത്തിൽ പങ്കെടുക്കും. ചീഫ് സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി എന്നിവരും യോഗത്തിൽ സന്നിഹിതരാകും.

*******************************************

## KOCHI SHIP

യു.കെ ആസ്ഥാനമായ നോർത്ത് സ്റ്റാർ ഷിപ്പിംഗ് ലിമിറ്റഡിനായി നിർമ്മിക്കുന്ന അത്യാധുനിക ഹൈബ്രിഡ് ഇലക്ട്രിക് സർവീസ് ഓപ്പറേഷനൽ വെസലിൻ്റെ സ്റ്റീൽ കട്ടിംഗ് ചടങ്ങ് കൊച്ചി കപ്പൽശാലയിൽ നടന്നു. കടലിലുള്ള കാറ്റാടി യന്ത്രങ്ങളുടെ

അറ്റകുറ്റ പണികൾക്ക് പ്രയോജനപ്പെടുത്തുന്ന ഇത്തരം യാനങ്ങൾ മൂന്ന് ഡീസൽ യന്ത്രങ്ങളും, ലിഥിയം അയോൺ ബാറ്ററികളും സംയുക്തമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ഊർജ്ജം നൽകുന്നത്. 54 ജീവനക്കാരെ ഉൾക്കൊള്ളാൻ കഴിയുന്ന ഇത്തരം രണ്ട് കപ്പലുകൾ കൊച്ചി കപ്പൽശാല, കമ്പനിക്ക് നിർമ്മിച്ചു കൈമാറും.

*******************************************

**JAPAN INDIA AFRICA S JAYSHANKAR - (INTRO)**

ആഫ്രിക്കൻ രാജ്യങ്ങളുടെ പ്രതിരോധ ശേഷി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് ഇന്ത്യ- ജപ്പാൻ സഹകരണം ആവശ്യമാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ് ശങ്കർ. ഇന്ത്യ - ആഫ്രിക്ക ഉഭയകക്ഷി വ്യാപാരം ഏകദേശം 100 ബില്യൺ ഡോളറിലെത്തിയതായും അദ്ദേഹം പറഞ്ഞു. ജപ്പാൻ-ഇന്ത്യ-ആഫ്രിക്ക ബിസിനസ് ഫോറത്തിൽ വെർച്വലായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(HOLD FOR BYTE..................)**

*******************************************

**TRUMP - EB-5 VISA**

അമേരിക്കയിൽ EB-5 വീസയ്ക്ക് പകരം പുതിയ ഗോൾഡ് കാർഡ് വീസ പദ്ധതി പ്രഖ്യാപിച്ച് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. അഞ്ച് ദശലക്ഷം ഡോളർ ചെലവഴിച്ച് കമ്പനികൾക്ക് കുടിയേറ്റത്തിനുള്ള ഈ വീസ വാങ്ങാവുന്നതാണെന്ന് ഇന്നലെ ഓവൽ ഓഫീസിൽ അദ്ദേഹം അറിയിച്ചു. നിലവിൽ H-1B വീസയുമായി ബന്ധപ്പെട്ട് ഗ്രീൻ കാർഡിനായി കാത്തിരിക്കുന്ന പ്രൊഫഷനുകൾക്ക് പുതിയ വീസ പദ്ധതി സഹായകമാകുമെന്നും ട്രംപ് വ്യക്തമാക്കി.

*******************************************

## GOVT – SPORTS COMMITTEE

ദേശീയ സ്പോർട്സ് ഫെഡറേഷനുകൾക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാർ ആറംഗ സമിതിക്ക് രൂപം നൽകി.
കായിക വികസന ജോയിന്റ് സെക്രട്ടറി കുനാലിനെ സമിതിയുടെ മേധാവിയായി തിരഞ്ഞെടുത്തതായി കേന്ദ്ര യുവജനകാര്യ- കായിക മന്ത്രാലയം അറിയിച്ചു. സമിതി 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കും.

*********************************************

## TELANGANA RESCUE

തെലങ്കാനയിൽ SLBC തുരങ്കത്തിൽ കുടുങ്ങിവരെ പുറത്തെത്തിക്കാനുള്ള രക്ഷാദൗത്യം തുടരുന്നു. രക്ഷാപ്രവർത്തനങ്ങൾ രണ്ട് ദിവസത്തിനകം പൂർത്തിയാകുമെന്ന് തെലങ്കാന ജലസേചന വകുപ്പ് മന്ത്രി ഉത്തം കുമാർ റെഡ്ഡി അറിയിച്ചു. ഇതിനായി വിദ്ഗദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ ശനിയാഴ്ചയാണ് തുരങ്കത്തിന്റെ മേൽകൂര തകർന്നതിനെ തുടർന്ന് 6 തൊഴിലാളികൾ ഉൾപ്പെടെ 8 പേർ തുരങ്കത്തിൽ കുടുങ്ങിയത്.

*********************************************

## ASSAM – EARTHQUAKE

അസമിലെ മോറിഗാവ് ജില്ലയിൽ ഭൂചലനം. ഇന്ന് പുലർച്ചെയാണ് റിക്ടർ സ്കെയിലിൽ 5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായത്. ആളപായമോ നാശനഷ്ടമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

*********************************************

## CRICKET- ICC CHAMPIONS TROPHY

ഐസിസി ചാമ്പ്യൻസ് ട്രോഫി പുരുഷ ക്രിക്കറ്റിൽ അഫ്ഗാനിസ്ഥാൻ ഇംഗ്ലണ്ടിനെ 8 റൺസിന് പരാജയപ്പെടുത്തി. ഇതോടെ ഇംഗ്ലണ്ട് ടൂർണമെന്റിൽ നിന്ന് പുറത്തായി. ഇന്ന് നടക്കുന്ന അവസാന ഗ്രൂപ്പ് മത്സരത്തിൽ പാകിസ്ഥാനും ബംഗ്ലാദേശും ഏറ്റുമുട്ടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2:30 നാണ് മത്സരം.

*********************************************

## RANJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റ് കിരീടപ്പോരാട്ടത്തിൽ ആദ്യ ദിവസം കളി അവസാനിക്കുമ്പോൾ കേരളത്തിനെതിരെ വിദർഭ നാല് വിക്കറ്റിന് 254 റൺ എന്ന നിലയിൽ. നാഗ്പൂരിലാണ് മത്സരം. കന്നി രഞ്ജി ട്രോഫി കിരീടം ലക്ഷ്യമിട്ടാണ് കേരളം കളത്തിലിറങ്ങിയത്.

*********************************************

## NAVY MISSILE

ഇന്ത്യയുടെ ആദ്യ ആൻറി-ഷിപ് മിസൈൽ വിജയകരമായി പരീക്ഷിച്ചു. നാവിക സേനയുടെ സീ കിംഗ് ഹെലികോപ്റ്ററിൽ നിന്നാണ് മിസൈൽ വിക്ഷേപിച്ചത്. തദ്ദേശീയമായി ഡി ആർ ഡി ഒ വികസിപ്പിച്ചതാണ് മിസൈൽ.

*********************************************

## CBI CRYPTOCURRENCY

ഗെയിൻ ബിറ്റ്കോയിൻ അഴിമതിയുമായി ബന്ധപ്പെട്ട അന്വേഷണത്തിനിടെ 24 കോടിയോളം രൂപയുടെ ക്രിപ്റ്റോ കറൻസികൾ സിബിഐ പിടിച്ചെടുത്തു. ഇതുമായി ബന്ധപ്പെട്ട് 60-ലധികം സ്ഥലങ്ങളിൽ സിബിഐ തിരച്ചിൽ നടത്തി. തിരച്ചിലിൽ ഹാർഡ്‌വെയർ ക്രിപ്റ്റോ വാലറ്റുകൾ ഉൾപ്പെടെ ഒട്ടേറെ രേഖകൾ പിടിച്ചെടുത്തു.

*********************************************

**RAIN KERALA**

കേരളത്തിൽ അടുത്ത മൂന്ന് ദിവസങ്ങളിൽ ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. സംസ്ഥാനത്തെ വിവിധയിടങ്ങളിൽ താപനില ഉയരാൻ സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

********************

************************************

**********************************************